വെയർഹൗസിംഗ് കോർപ്പറേഷനിലെ പുതിയ നിയമനങ്ങൾ

813. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിലേക്ക് ഈയിടെ പുതിയ നിയമനങ്ങൾ വല്ലതും നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; ഏതെല്ലാം കാറ്റഗറിയിൽ ;

(സി) കോർപ്പറേഷനിൽ ഇപ്പോഴും താൽക്കാലിക ജീവനക്കാർ ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ;

(ഇ) ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ)) ഉണ്ട്.

(ബി) 11. ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കാണ് നിയമിച്ചിട്ടുള്ളത്. പട്ടികജാതി വർഗ്ഗക്കാർക്ക് ഗവൺമെൻറ് നിർദ്ദേശമനുസരിച്ചുള്ള പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ലഭിച്ച പാനലിൽനിന്നാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) 46.

(ഇ) ഇവരുടെ നിയമനം തീർത്തും താൽക്കാലിക ജോലികൾക്കു വേണ്ടിയുള്ളതായതിനാൽ സ്ഥിരപ്പെടുത്താൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

രജിസ്ട്രാർ ആഫീസുകളിൽ ആവശ്യമായ സ്റ്റാഫുകളെ നിയമിക്കുവാൻ നടപടി

814. ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലാത്തതുമൂലം പ്രമാണങ്ങൾ നടത്തുന്നതിനും അതിന്റെ കോപ്പികൾ വാങ്ങുന്നതിനും വളരെയേറെ കാലതാമസം ഉണ്ടാകുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഓഫീസുകളിൽ ആവശ്യമുള്ള സ്റ്റാഫിനെ ഉടനെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആവശ്യത്തിനുള്ള സ്റ്റാഫ് ഇപ്പോൾ ഉണ്ട്. പ്രമാണങ്ങൾ നടത്തുന്നതിനും അതിന്റെ കോപ്പികൾ വാങ്ങുന്നതിനും വളരെയേറെ കാലതാമസം ഉണ്ടാകുന്ന ഒരവസ്ഥ ഇപ്പോഴില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly